പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 252

20.6.2013- ൽ
മറുപടിക്ക്

## കയർപിരി മേഖലയിൽ തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>,, എം. എ. വാഹീദ്<br>,, പാലോട് രവി<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർപിരി മേഖലയിൽ തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകുവാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കയർ പിരി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി അനുസരിച്ച് തൊഴിലാളികളുടെ കൂലിയിലുള്ള സർക്കാർ വിഹിതം ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി)ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലിയുടെ സർക്കാർ വിഹിതം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. കൂടുതൽ ഉൽപ്പാദനം നടത്താനും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഇതു സഹായിക്കും. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) കയർ പിരി മേഖലയിലും ഡീഫൈബറിംഗ് മേഖലയിലും ജോലിയെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ |

| | |
|---|---|
| | കൂലിയുടെ സ ർക്കാർ വിഹിതം നേരിട്ട് കയർ പ്രോജക്ട് ഓഫീസുകൾ വഴിയാണ് നൽകുന്നത്. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് ഉൾപ്പെടെയുള്ള ഏജൻസികൾ ഇതുമായി സഹകരിക്കുന്നു. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?വിശദ മാക്കുമോ; | ഡി) കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയതു വഴി ഓരോ തൊഴിലാളിയുടെയും പേരിൽ ബാങ്ക് അ ക്കൗണ്ട് ആരംഭിക്കുകയും വർദ്ധിപ്പിച്ച കൂലിയുടെ സർക്കാർ വിഹിതം അ ക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയും ചെയ്യുന്നു. ഫീൽഡ് ലവൽ ഉദ്യോഗസ്ഥരെ കൂടുതൽ ബോധവത്കരിക്കുന്നതിനായി ഏകദിന ശിൽ പശാല നടത്തുകയും ബാങ്ക് അ ക്കൗണ്ട് തുടങ്ങാത്തവർക്കായി അ ക്കൗണ്ട് തുടങ്ങുന്ന തിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പ ദ്ധതി യെക്കുറിച്ച് ലഘുലേഖകൾ അ ച്ചടിച്ച് വിതരണം ചെയ്ത് പ ദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നു. |

സെക്ഷൻ ഓഫീസർ